പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 195 **27-10-2026-ൽ മറുപടിയ്ക്ക്**

ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. ബിനിമോൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) വൈദ്യുത അപകടങ്ങളും മരച്ചില്ലകൾ വൈദ്യുതി ലൈനുകളിൽ തട്ടുന്നതുമൂലമുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളും ഒഴിവാക്കുന്നതിനായി നിലവിലുള്ള വൈദ്യുതി ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട് .

വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനും മരച്ചില്ലകൾ വൈദ്യുതി ലൈനുകളിൽ തട്ടുന്നതുമൂലമുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനുമായി നിലവിലുള്ള വൈദ്യുതി ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിളുകൾ (ABC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് .

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

മറുപടി: ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി, വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് നടപ്പിലാക്കിവരുന്ന ദ്യുതി 2.0 പദ്ധതിയുടെ ഭാഗമായി 100 ദിവസത്തിനുള്ളിൽ 330 കി.മീ. ഏരിയൽ ബഞ്ച്ഡ് കേബിളുകൾ (ABC) സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി 2.0 പദ്ധതിയുടെ മാർഗരേഖ പ്രകാരം, വൃക്ഷനിബിഡമായ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ദീർഘമായ ലൈൻ റൂട്ടുകൾ, വോൾട്ടേജ് പ്രശ്നങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾ, ആശുപത്രികൾ, വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പ്രധാന ലോഡ് സെന്ററുകൾ, മൾട്ടി സർക്യൂട്ട് ലൈനുകൾ, ലൈനുകളുടെ അറ്റത്തുള്ള പ്രദേശങ്ങൾ (Far-end locations) എന്നിവിടങ്ങളിൽ വൈദ്യുതി വിതരണത്തിന്റെ സുരക്ഷയും ഗുണമേന്മയും മെച്ചപ്പെടുത്തുന്നതിനായി മുൻഗണനാ ക്രമത്തിൽ ABC/ ഭൂഗർഭ(UG) കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

ഏരിയൽ ബഞ്ച്ഡ് കേബിളുകൾ/ കവേർഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനും ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനും താരതമ്യേന ഉയർന്ന മൂലധനച്ചെലവ് ആവശ്യമായതിനാലും ഇതുവഴിയുണ്ടാകുന്ന

അധിക ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കാൻ സാധ്യതയുള്ളതിനാലും പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ദ്യുതി 2.0-ന്റെ തുടർ പദ്ധതിയായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മൂലധന നിക്ഷേപ പദ്ധതിയുടെ മാർഗനിർദേശങ്ങളിൽ, വിതരണ ശൃംഖലയുടെ സുരക്ഷയും വിശ്വാസ്യതയും മെച്ചപ്പെടുത്തുന്നതിനായി ബെയർ കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള പുതിയ ലൈൻ നിർമ്മാണം, ലൈൻ ശേഷി വർധിപ്പിക്കൽ, കണ്ടക്ടർ മാറ്റിസ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർണമായും ഒഴിവാക്കി പുതിയ ലൈനുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും ഇൻസുലേറ്റഡ് കണ്ടക്ടറുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ചു വരുന്നു. ഹൈ ടെൻഷൻ ലൈനുകളിൽ ആവശ്യമായ ശേഷിയുള്ള കവേർഡ് കണ്ടക്ടറുകളും ലോ ടെൻഷൻ ലൈനുകളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഉപയോഗിക്കുന്നതിനുമുള്ള മാർഗ നിർദ്ദേശങ്ങൾ ആണ് തയ്യാറാക്കുന്നത്. ഇതിലൂടെ വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനും വൈദ്യുതി വിതരണത്തിന്റെ വിശ്വാസ്യതയും സുരക്ഷയും മെച്ചപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി വൈദ്യുത അപകടങ്ങളും വൈദ്യുതി തടസ്സങ്ങളും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി, വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് നടപ്പിലാക്കിവരുന്ന ദ്യുതി 2.0 പദ്ധതിയുടെ ഭാഗമായി 100 ദിവസത്തിനുള്ളിൽ 330 കി.മീ. ഏരിയൽ ബഞ്ച്ഡ് കേബിളുകൾ (ABC) സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി 2.0 പദ്ധതിയുടെ മാർഗരേഖ പ്രകാരം, വൃക്ഷനിബിഡമായ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ദീർഘമായ ലൈൻ റൂട്ടുകൾ, വോൾട്ടേജ് പ്രശ്നങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾ, ആശുപത്രികൾ, വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പ്രധാന ലോഡ് സെന്ററുകൾ, മൾട്ടി സർക്യൂട്ട് ലൈനുകൾ, ലൈനുകളുടെ അറ്റത്തുള്ള പ്രദേശങ്ങൾ (Far-end locations) എന്നിവിടങ്ങളിൽ വൈദ്യുതി വിതരണത്തിന്റെ സുരക്ഷയും ഗുണമേന്മയും മെച്ചപ്പെടുത്തുന്നതിനായി മുൻഗണനാ ക്രമത്തിൽ ABC/ ഭൂഗർഭ(UG) കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

ഏരിയൽ ബഞ്ച്ഡ് കേബിളുകൾ/ കവേർഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനും ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനും താരതമ്യേന ഉയർന്ന മൂലധനച്ചെലവ് ആവശ്യമായതിനാലും ഇതുവഴിയുണ്ടാകുന്ന അധിക ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കാൻ സാധ്യതയുള്ളതിനാലും പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ദ്യുതി 2.0-ന്റെ തുടർ പദ്ധതിയായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മൂലധന നിക്ഷേപ പദ്ധതിയുടെ മാർഗനിർദേശങ്ങളിൽ, വിതരണ ശൃംഖലയുടെ സുരക്ഷയും വിശ്വാസ്യതയും മെച്ചപ്പെടുത്തുന്നതിനായി ബെയർ കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള പുതിയ ലൈൻ നിർമ്മാണം, ലൈൻ ശേഷി വർധിപ്പിക്കൽ, കണ്ടക്ടർ മാറ്റിസ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർണമായും ഒഴിവാക്കി പുതിയ ലൈനുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും ഇൻസുലേറ്റഡ് കണ്ടക്ടറുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ചു വരുന്നു. ഹൈ ടെൻഷൻ ലൈനുകളിൽ ആവശ്യമായ ശേഷിയുള്ള കവേർഡ് കണ്ടക്ടറുകളും ലോ ടെൻഷൻ ലൈനുകളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഉപയോഗിക്കുന്നതിനുമുള്ള മാർഗ നിർദ്ദേശങ്ങൾ ആണ് തയ്യാറാക്കുന്നത്. ഇതിലൂടെ വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനും വൈദ്യുതി വിതരണത്തിന്റെ വിശ്വാസ്യതയും സുരക്ഷയും മെച്ചപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ